**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1015 **02.12.2015** ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബാബു എം. പാലിശ്ശേരി** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വിവിധ പ്രവർത്തികൾ എതു ഘട്ടത്തിലാണ്; എതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കുന്നംകുളം നിയോജക മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ പുതിയ ടാർ റോഡ് നിർമ്മാണം, റോഡ് മെറ്റലിംഗും ടാറിംഗ്, പഴയ റോഡ് റീ ടാറിംഗ്, നിലവിലുള്ള റോഡ് കോൺക്രീറ്റിംഗ്, പുതിയ കാന നിർമ്മാണം, സംരക്ഷണ ഭിത്തി, 6 ഓവർഹെഡ് വാട്ടർ ടാങ്ക്, കിണർ അറ്റകുറ്റപ്പണി, വീടുകളുടെ അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തികളിൽ റോഡ് കരിങ്കൽ വിരിച്ച് 170 മീറ്റർ സംരക്ഷണ ഭിത്തിയുടെ 75% പണി കഴിഞ്ഞു. ഓവർഹെഡ് വാട്ടർ ടാങ്ക് വാർത്തിട്ടുണ്ട്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചതിൽ 23.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കഴിവതും വേഗത്തിൽ പ്രവർത്തികൾ പൂർത്തീകരിച്ച് സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമമായി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഏജൻസികൾക്ക് കഴിവതും വേഗത്തിൽ പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ